**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 111** **07-10-2021 - ൽ മറുപടിയ്ക്ക്**

**അർഹരായ എല്ലാവർക്കും പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ, ശ്രീ . കെ .ഡി .പ്രസേനൻ , ശ്രീ ജി സ്റ്റീഫൻ, ശ്രീ കെ യു ജനീഷ് കുമാർ** | | **Shri. K. Rajan (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന കാഴ്ചപ്പാടോടെ അർഹരായ എല്ലാവർക്കും പട്ടയം നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; അഞ്ച് വർഷത്തിനുള്ളിൽ അർഹരായവർക്കെല്ലാം പട്ടയം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1963 ലെ ഭൂപരിഷ്കരണ നിയമം, 1995 ലെ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ പ്രകാരം അർഹരായ എല്ലാവർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അർഹരായവർക്ക് സമയബന്ധിതമായി തന്നെ പട്ടയങ്ങൾ വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ജില്ലയിലും പട്ടയ വിതരണത്തിന് ശേഷിക്കുന്ന ഭൂമി, അർഹരായവരുടെ വിവരം, പട്ടയവിതരണം ചെയ്യാനുള്ള തടസ്സം ഭൂരഹിതരായവരുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയ ഒരു ഡാഷ്ബോർഡ് തയ്യാറാക്കുന്നതിനു തടസ്സങ്ങൾ നിയമാനുസരണം പരിഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | തലമുറകളായി കൈവശമുള്ള ഭൂമിക്ക് സാങ്കേതിക കാരണങ്ങളാൽ പട്ടയം ലഭിക്കാതിരിക്കുന്ന അവസ്ഥ ഒഴിവാക്കി അർഹരായവർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിന് ശ്രദ്ധപതിപ്പിക്കുന്നുണ്ടോ; | (ബി) | നിലവിലുള്ള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്ന പട്ടയങ്ങളുടെ എണ്ണം അറിയിക്കുമോ; അതിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ കണക്ക് വ്യക്തമാക്കുമോ? | (സി) | 12000 പട്ടയങ്ങളാണ് വിതരണം ചെയ്യുവാൻ ഉദ്ദേശിച്ചിരുന്നത്. 13534 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. ഉദ്ദേശിച്ചതിനെക്കാൾ 1534 അധിക പട്ടയം വിതരണം ചെയ്യാൻ സർക്കാരിന്റെ 100 ദിനത്തിൽ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1963 ലെ ഭൂപരിഷ്കരണ നിയമം, 1995 ലെ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം അർഹരായ എല്ലാവർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അർഹരായവർക്ക് സമയബന്ധിതമായി തന്നെ പട്ടയങ്ങൾ വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. നിലവിലുള്ള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 12000 പട്ടയങ്ങളാണ് വിതരണം ചെയ്യുവാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ 13534 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. ഉദ്ദേശിച്ചതിനെക്കാൾ 1534 അധിക പട്ടയം വിതരണം ചെയ്യാൻ സർക്കാരിന്റെ 100 ദിനത്തിൽ സാധിച്ചിട്ടുണ്ട്.